...

Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

06.06.2026

# ലോക പരിസ്ഥിതി ദിനം :
# ജൂബിലി നഴ്സിംഗ് കോളേജിൽ വൃക്ഷത്തൈ നട്ടു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച്, ഇംഗ്ലണ്ടിലെ കാന്റർബറി ക്രൈസ്റ്റ് ചർച്ച് യൂണിവേഴ്സിറ്റിയെ പ്രതിനിധീകരിച്ച് ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിലെത്തിയ ഡോ. ലുക്ക് ഇവർട്ട്, റെബേക്കാ സന്റീസ് എന്നിവർ ചേർന്ന് കോളേജ് പരിസരത്ത് വൃക്ഷത്തൈ നട്ടു. പരിസ്ഥിതി സംരക്ഷണത്തിന്റെയും സുസ്ഥിര വികസനത്തിന്റെയും സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ടാണ് വൃക്ഷത്തൈ നടീൽ സംഘടിപ്പിച്ചത്.

ജൂബിലി മിഷൻ ചെയർമാനും തൃശൂർ അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ആൻഡ്രൂസ് താഴത്ത്, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ, ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിന്റെ പ്രിൻസിപ്പൽ ഡോ. സിസ്റ്റർ ജൂഡി എസ്.ഐ.സി. മെഡിക്കൽ സുപ്രണ്ട് ഡോ ഷിബു കള്ളിവളപ്പിൽ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ ആൻഡ്രൂസ് എം. എ എന്നിവർ പങ്കെടുത്തു.